പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3959** **21.10.2016**-ലെ മറുപടിയ്ക്ക്

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |
| (എ) | കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ എത്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കണ്ണൂർ ജില്ലയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 5 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ കാലയളവ് എത്രയാണെന്നറിയിക്കാമോ; | (ബി) | തുടർച്ചയായ 3 വർഷങ്ങൾക്കുള്ളിൽ 2 വർഷമാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രൊബേഷൻ കാലയളവ്. |
| (സി) | 2011 ജൂൺ മുതൽ 2016 ഏപ്രിൽ മാസം വരെ എത്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്; ഇവരിൽ ഓരോരുത്തരും എത്ര കാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികയിൽ സേവനം പൂർത്തിയാക്കിയതിനു ശേഷമാണ് അവരുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ? | (സി) | 2011 ജൂൺ മുതൽ 2016 ഏപ്രിൽ മാസം വരെ 94 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്. തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷമാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രൊബേഷൻ കാലയളവ്. |

Beena

സെക്ഷൻ ഓഫീസർ